# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4912 — 01.07.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി സമാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് ഈ വർഷം നൽകേണ്ട തുക വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | പദ്ധതി പ്രകാരം ഏതുമാസം മുതലാണ് തുക വിതരണം ചെയ്യേണ്ടത് ; | (ബി) | കടലോര മത്സ്യത്തൊഴിലാളികൾക്ക് ഏപ്രിൽ മാസം മുതലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂൺ മാസം മുതലുമാണ് പദ്ധതി പ്രകാരം തുക വിതരണം ചെയ്യേണ്ടിയിരുന്നത്. |
| (സി) | കഴിഞ്ഞ ഒക്ടോബർ മുതൽ മേയ് വരെ പ്രസ്തുത പദ്ധതിയിലേക്ക് കേന്ദ്ര-സംസ്ഥാന വിഹിതം എത്രയാണ്; പ്രസ്തുത തുക ലഭ്യമാക്കിയിട്ടുണ്ടോ ; | (സി) | 2012-13 വർഷത്തെ പദ്ധതിയുടെ കേന്ദ്ര വിഹിതം 930 ലക്ഷം രൂപയും സംസ്ഥാന വിഹിതം 930 ലക്ഷം രൂപയും ആണ് കണക്കാക്കിയിരിക്കുന്നത്. 2013-14-ലെ സംസ്ഥാന ബഡ്ജറ്റിൽ 2012-13 വർഷത്തെ പദ്ധതി തുക വിതരണം ചെയ്യുന്നതിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ എസ്.ഡി.ജി വഴി 8 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഡി) | കഴിഞ്ഞ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം പൂർണ്ണമായും ലഭ്യമാക്കുകയും പദ്ധതി പ്രകാരമുള്ള തുക മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (ഡി) | 2012-13 വർഷത്തെ തുക നൽകുന്നതിനുള്ള പദ്ധതി വിഹിതമായി 2013-14 ബഡ്ജറ്റിൽ 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി തുകയുടെ വിതരണം ആരംഭിച്ചിട്ടില്ല. |
| (ഇ) | പ്രസ്തുത തുക ലഭ്യമാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ? | (ഇ) | വോട്ട് ഓൺ അക്കൗണ്ട് കാലയളവിൽ ബഡ്ജറ്റ് വിഹിതത്തിന്റെ 1/3 ഭാഗം മാത്രമേ അനുവദിക്കാൻ കഴിയു എന്നതിനാൽ ആയത് പരിശോധിച്ചു വരുന്നു. ഓരോ വർഷത്തെയും തുക വിതരണം ചെയ്ത ശേഷമാണ് കേന്ദ്ര വിഹിതം റീ ഇമ്പേഴ്സ്മെന്റായി പ്രസ്തുത തുക ലഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ